(സി) പ്രസ്തുത പ്രവൃത്തി കെ. എസ്. റ്റി. പി.യുടെ ഭാഗമായി മാറിയത് എന്നാണ് ;

(ഡി) അലൈൻമെന്റ് അന്തിമമാക്കിയതിനുശേഷവും 2013 വരെ ടെണ്ടർ നടപടിയിലേക്ക് നീങ്ങാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് ലോകബാങ്കിന്റെ സഹായം അഭ്യർത്ഥിച്ചത് എന്നാണ് : സഹായം ലഭിക്കുമെന്ന് ഉറപ്പായത് എന്നാണ് ?

ഉത്തരം

(എ) 2007-ൽ ആണ് ബൈപ്പാസിന്റെ ഡിസൈനും അലൈൻമെന്റും അംഗീകരിച്ചത്.

(ബി) മാറ്റമൊന്നും വരുത്തിയിട്ടില്ല.

(സി) 2007-ൽ ആണ്.

(ഡി) കെ.എസ്.റ്റി.പി. - ഒന്നാംഘട്ടത്തിൽപ്പെട്ട ഒന്നാംഘട്ട റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കാലതാമസം ഉണ്ടായതിനാൽ ആണ് രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട നിർദ്ദിഷ്ട തിരുവല്ല ബൈപ്പാസ് നിർമ്മാണം ഏറ്റെടുക്കുവാൻ താമസം ഉണ്ടായത്. ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായതിനെ തുടർന്ന് ഈ ബൈപ്പാസ് ഉൾപ്പെടെ ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകൾ കെ.എസ്.റ്റി.പി. രണ്ട് പദ്ധതിയായി ലോകബാങ്ക് ധനസഹായത്തോടെ 2013-ൽ ആരംഭിച്ചിട്ടുണ്ട്.

(ഇ) 2011 സെപ്തംബർ മാസമാണ് ലോകബാങ്ക് ധനസഹായത്തിന് അഭ്യർത്ഥിച്ചത്. ലോക ബാങ്കുമായി കരാർ ഒപ്പ് വെച്ചത് 2013 ജൂൺ മാസം ആണ്.

തലശ്ശേരി-മാഹി ബൈപ്പാസ് പ്രത്യേക പാക്കേജായി ഏറ്റെടുക്കണമെന്ന നിവേദനം

282 (7253) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ ഏറ്റെടുത്തതുപോലെ തലശ്ശേരി-മാഹി ബൈപ്പാസ് പ്രത്യേക പാക്കേജായി ഏറ്റെടുക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം സ്റ്റാൻഡ് എലോൺ പ്രോജക്ടായി ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ SPEED കേരള പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ലാബ്

283 (7254) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവാരം ഉറപ്പാക്കാൻ വിവിധ തലങ്ങളിൽ പരിശോധനവേണമെന്ന നിബന്ധനകൾ ഉൾപ്പെടുത്തി മരാമത്ത് മാന്വൽ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) മരാമത്ത് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ ലാബുകൾ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ആയതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ :

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളിൽ ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. ക്വാളിറ്റി മാനുവലിന്റെ കരട്രൂപം പൊതുമരാമത്ത് വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് മാനുവലിന്റെ അവലോകനത്തിനുള്ള എഞ്ചിനീയർമാരുടെ ശിൽപ്പശാല ജൂൺ 13-ാം തീയതിയും കരാറുകാർക്കായുള്ള ശിൽപ്പശാല ജൂലൈ രണ്ടാം തീയതിയും തിരുവനന്തപുരം പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ വെച്ച് നടന്നു. പ്രസ്തുത ചർച്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ക്വാളിറ്റി മാനുവൽ പരിഷ്ക്കരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഉണ്ട്. കേരളത്തിലെ 14 ജില്ലകളിലും ഓരോ ഗുണനിലവാര പരിശോധനാ ലാബ് സജ്ജമാക്കിയിട്ടുണ്ട്.

ഗുണനിലവാര പരിശോധനയുടെ മാർഗ്ഗ നിർദ്ദേശത്തിനായി ക്വാളിറ്റി കൺട്രോൾ മാനുവലും ലാബ് മാനുവലും തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന എല്ലാ പ്രവൃത്തികളിലും ഗുണനിലവാര പരിശോധനയും ബിൽ മാറുന്നതിന്മുമ്പ് ഗുണനിലവാര സർട്ടിഫിക്കറ്റുകളും ഉറപ്പുവരുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് പുറമേ കേന്ദ്ര മന്ത്രാലയത്തിന്റെ എഞ്ചിനീയർമാരും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly